# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


തിരുവനന്തപുരം **പത്രക്കുറിപ്പ്** 2010 നവംബർ 03

## ഇന്ധന സർച്ചാർജ്ജ് മിച്ച വരുമാനത്തിൽ അഡ്ജസ്റ്റ് ചെയ്യാൻ കമ്മീഷൻ ഉത്തരവായി.

കഴിഞ്ഞ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ഇന്ധന വിലയിലുണ്ടായ വർദ്ധന ഉപഭോക്താക്കളിൽ നിന്ന് സർച്ചാർജ്ജായി ഈടാക്കാൻ അനുമതി തേടിക്കൊണ്ടുള്ള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിവേദനത്തിന്മേൽ, അധിക ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ അധിക വരുമാനത്തിൽ അഡ്ജസ്റ്റ് ചെയ്യാൻ ഉത്തരവിട്ടുകൊണ്ട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീർപ്പുകൽപ്പിച്ചു.

ഈ കാലയളവിൽ 285.05 കോടി രൂപ സർച്ചാർജ്ജായി ഈടാക്കാനുള്ള അനുമതിക്കാണ് ബോർഡ് കമ്മീഷനെ സമീപിച്ചിരുന്നത്. എന്നാൽ കണക്കുകൾ വസ്തുനിഷ്ഠമായി വിലയിരുത്തിയ കമ്മീഷൻ 265.85 കോടി രൂപയാണ് ഇന്ധന വിലയിലുണ്ടായ വർദ്ധന മൂലം ബോർഡിന് അധികച്ചെലവുണ്ടായതെന്ന് കണ്ടെത്തി. എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും യൂണിറ്റൊന്നിന് 35 പൈസ ക്രമത്തിൽ ആറുമാസം ഈടാക്കിയാൽ മാത്രമേ അധികച്ചെലവ് നികത്താനാവൂ. എന്നാൽ നടപ്പുസാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കിൽ 350.57 കോടി രൂപ മിച്ചമുണ്ടെന്ന് കമ്മീഷൻ നേരത്തെ കണ്ടെത്തിയിരുന്നതിനാൽ അധികച്ചെലവ് ഇതിൽ അഡ്ജസ്റ്റ് ചെയ്യാൻ കമ്മീഷൻ ഉത്തരവിടുകയായിരുന്നു. തത്ഫലമായി ഉപഭോക്താക്കളിൽ നിന്ന് ബോർഡ് സർച്ചാർജ്ജ് പിരിക്കേണ്ടതില്ലെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

ഉത്തരവിന്റെ പൂർണ്ണ രൂപം കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്.

**സെക്രട്ടറിക്കുവേണ്ടി**

KSERC/PR/25/2010